# വികസനക്കുതിപ്പിന്റെ വർഷം

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം

01.01.2009

മുഴുവൻ കേരളീയർക്കും പുതുവത്സരാശംസകൾ. ജനിച്ച നാട് വിട്ട് അറേബ്യൻ മണലാരണ്യങ്ങളിലും മറ്റുവിദേശ രാജ്യങ്ങളിലും നമ്മുടെ രാജ്യത്തെതന്നെ മറ്റു സംസ്ഥാനങ്ങളിലും പണിയെടുത്ത് ജീവിക്കുന്ന ദശലക്ഷക്കണക്കിന് വരുന്ന സഹോദരങ്ങൾക്ക് ജന്മനാടിന്റെ ഹൃദ്യമായ നവവത്സര ആശംസകൾ. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് ഗണ്യമായി കുറച്ചുകൊണ്ടു വരാനും ജനങ്ങളുടെ ജീവിതനിലവാരം ഗണ്യമായി ഉയർത്താനും നാടിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനും മറുനാടൻ മലയാളികൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. മറുനാട്ടിൽ വിയർപ്പൊഴുക്കുന്ന സഹോദരങ്ങൾക്കുവേണ്ടി സവിശേഷമായ ഒരു ക്ഷേമനിധി നിയമം പാസാക്കികൊണ്ടാണ് 2008 നോട് നാം വിടപറയുന്നത്. ആ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്ന് പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് പുതിയ വർഷം സാക്ഷ്യം വഹിക്കും. ഏറ്റവും കൂടുതൽ ജനങ്ങൾക്ക് പങ്കാളിത്തമുള്ള ഏറ്റവും ബൃഹത്തായ ക്ഷേമനിധിയാവും ഇത്. ക്ഷേമപദ്ധതികൾ കൂടുതൽ വ്യാപകവും ഫലപ്രദവുമാക്കാനും ഏറ്റവും വലിയ വികസനപദ്ധതികൾ തുടങ്ങുന്നതിന് ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കാനും കഴിഞ്ഞ വർഷമാണ് 2008. അസംഘടിതമേഖലയിലെ പത്ത് ലക്ഷംപേർക്ക് പെൻഷനും ക്ഷേമനിധിയും ഉറപ്പാക്കുന്ന നിയമമുൾപ്പെടെ ചെറുതും വലുതുമായ നിരവധി ക്ഷേമനിയമങ്ങൾ കഴിഞ്ഞ വർഷം നടപ്പാക്കി.

നിരവധി ബൃഹദ് വികസനപദ്ധതികൾ 2009 ൽ ആരംഭിക്കും. അതിൽ ഏറ്റവും പ്രധാനമാണ് വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി. ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്വാഭാവിക തുറമുഖങ്ങളിലൊന്നാണ് വിഴിഞ്ഞം. വല്ലാർപ്പാടത്തേതുപോലെ തന്നെ കേന്ദ്ര പൊതുമേഖലയിൽ വികസിപ്പിച്ചെടുക്കേണ്ടതായിരുന്നു വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ പദ്ധതി. എന്നാൽ കേന്ദ്രം അതിന് തയ്യാറാകാത്ത പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ ബി.ഒ.ടി. അടിസ്ഥാനത്തിൽ പദ്ധതി ഏറ്റെടുക്കാൻ നിശ്ചയിച്ചത്. മുൻ സർക്കാരിന്റെ കാലത്ത് അതിന് ടെണ്ടർ ഉറപ്പിച്ചെങ്കിലും കേന്ദ്ര പ്രതിരോധവകുപ്പിന്റെ അനുമതി കിട്ടാത്തതിനാൽ പദ്ധതി ഏറെക്കുറെ ഉപേക്ഷിച്ച നിലയി

ലായി. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നശേഷം ദൃഢനിശ്ചയ ത്തോടെ മുന്നോട്ടു നീങ്ങി. അയ്യായിരത്തോളംപേർക്ക് നേരിട്ടും ഒരു ലക്ഷത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന വിഴിഞ്ഞം പദ്ധതിക്ക് പുതിയ കരാറുകാരെ കണ്ടെ ത്തുകയും അനുമതികളെല്ലാം നേടുകയും ചെയ്തു. തടസ്സങ്ങൾ തീർത്ത് പദ്ധതിയുടെ നിർമ്മാണപ്രവൃത്തി ഈ വർഷം ആരംഭിക്കും.

കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവൃത്തി ഈ വർഷം ആരംഭിക്കും. പദ്ധതി ആരംഭിക്കുന്ന തിനായി 2200 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതഗതിയിൽ നടക്കുകയാണ്. വിമാനത്താവളത്തിനുള്ള എല്ലാ അനുമതികളും ഇതിനകം നേടിയെടുക്കാൻ കഴിഞ്ഞു. വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതിയുടെ അനിശ്ചിതാവസ്ഥ അകന്നു കഴിഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധി കാരത്തിൽ വരുമ്പോൾ ഈ പദ്ധതി നഷ്ടപ്പെട്ടുപൊകുമെന്ന അവസ്ഥയിലായിരുന്നു. എന്നാൽ പദ്ധതിക്കുള്ള എല്ലാ അനുമതികളും നേടിയെടുക്കുകയും ആവശ്യമായ ഭൂമി അക്വയർ ചെയ്ത് നൽകുകയും ചെയ്ത് നിർമ്മാണപ്രവൃത്തി ആരംഭിക്കുവാൻ വഴിയൊ രുക്കി. എറണാകുളം പോലുള്ള ഒരു സ്ഥലത്ത് നൂറുകണക്കിന് താമസക്കാരെ ഒഴിവാക്കി ക്കൊണ്ട് ഭൂമി അക്വയർ ചെയ്യുക ശ്രമകരമായ പ്രവർത്തനമാണ്. എന്നാൽ ഏറ്റവും മാതൃ കാപരമായ പുനരധിവാസ പാക്കേജ് നടപ്പാക്കിക്കൊണ്ട് അക്വിസിഷൻ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു. കേരളത്തിന്റെ വികസനത്തിൽ ഒരു കുതിച്ചുചാട്ടം സൃഷ്ടി ക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണപ്രവൃത്തി ഇനി സമബന്ധിതമാമായി മുന്നോട്ടു നീക്കാൻ കേന്ദ്ര ഗവൺമെന്റാണ് നടപടി സ്വീകരിക്കേണ്ടത്. അതുപോലെ എറണാകു ളത്തെ തന്നെ എൽ.എൻ.ജി. ടെർമിനൽ നിർമ്മാണത്തിനുണ്ടായിരുന്ന തടസ്സങ്ങളും നീക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. അതിന്റെ പ്രവൃത്തിയും ഈ വർഷം ആരംഭിക്കും.

കാൽനൂറ്റാണ്ട് മുമ്പ് നമുക്ക് നഷ്ടപ്പെട്ടതാണ് കോച്ച് ഫാക്ടറി. ആദ്യം കേരളത്തിന് അനു വദിക്കുകയും പിന്നീട് പഞ്ചാബിലെ കപൂർത്തലയിലേക്ക് കൊണ്ടുപൊവുകയുമായിരുന്നു. എന്നാൽ ഇപ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റും സംസ്ഥാനത്തെ എം.പി. മാരും ഒറ്റക്കെട്ടായി നടത്തിയ ശ്രമങ്ങളെത്തുടർന്ന് പാലക്കാട്ട് കഞ്ചിക്കോട്ട് ബൃഹത്തായ ഒരു കോച്ച് ഫാക്ടറി അനുവദിക്കപ്പെട്ടു. അതിനാവശ്യമായ ആയിരത്തോളം ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകാൻ സംസ്ഥാന ഗവൺമെന്റ് സത്വരനടപടി സ്വീകരിക്കുകയാണ്. അതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും ഭൂമി ഫാസ്റ്റ് ട്രാക്കിൽ ഏറ്റെടു ക്കുന്നതിന് ആവശ്യമായത്ര ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തു. കോച്ച് ഫാക്ട

റിക്ക് ഏതാനും ആഴ്ചകൾക്കകം തറക്കല്ലിടും. നിർമ്മാണ പ്രവൃത്തി ഈ വർഷംതന്നെ ആരംഭിക്കുവാനും ആകും.

ഐ.ടി. രംഗത്ത് നിരവധി പാർക്കുകളുടെ നിർമ്മാണപ്രവൃത്തിയും 2009 ൽ നടക്കും. സ്മാർട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനവും തിരുവനന്തപുരത്ത് ടെക്നോസിറ്റിയുടെ നിർമ്മാണവും കാസർകോട്, കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ (ചേർത്തല, അമ്പലപ്പുഴ) എന്നിവിടങ്ങളിലെ ഐ.ടി. പാർക്ക് നിർമ്മാണവും ഈ വർഷം നടക്കും. ഉത്തരകേരളത്തിൽ ഐ.ടി. വികസനം ലക്ഷ്യമിട്ട് ടെക്നോപാർക്കിന്റെയും ഇൻഫോപാർക്കിന്റെയും മാതൃകയിൽ സൈബർ പാർക്ക് കോഴിക്കോട്ട് ആരംഭിക്കും.

കൊച്ചിയിൽ മെട്രോ റെയിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ ആവണം പദ്ധതി എന്നാണ് സംസ്ഥാന ഗവൺമന്റിന്റെ ആഗ്രഹം. അതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുകയാണ്. മെട്രോ പദ്ധതി ഈ വർഷംതന്നെ ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

വൈദ്യുതിരംഗത്ത് കടുത്ത ക്ഷാമം അനുഭവിക്കുകയാണ് സംസ്ഥാനം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉത്പാദനരംഗത്ത് തീരെ താൽപര്യം കാണിക്കാത്തതും, കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന്റെ വൈദ്യുതി വിഹിതം ഗണ്യമായി വെട്ടിക്കുറച്ചതുമാണ് ഇതിന് കാരണം. വൈദ്യുതി ഉൽപ്പാദനം 500 മെഗാവാട്ട് എങ്കിലും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് കാസർക്കോട് താപവൈദ്യുതി നിലയം ഉൾപ്പെടെ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവൃത്തികളും ഈ വർഷം തുടങ്ങും.

വ്യവസായ രംഗത്ത് പുത്തൻ ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞ വർഷം സാധ്യമായി. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി മാറ്റാൻ കഴിഞ്ഞു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് നിരവധി സംയുക്തസംരംഭങ്ങൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞു. തിരുവനന്തപുരത്ത് ബ്രഹ്മോസ്, കോഴിക്കോട്ടെ സിൽക്ക് -സെയിൽ സംയുക്ത സംരംഭം എന്നിവ ഉദാഹരണം. കേന്ദ്ര പൊതുമേഖലയുമായി ബന്ധപ്പെട്ട് കാസർകോട് എച്ച്.എ.എൽ. യൂണിറ്റ്, പാലക്കാട്ട് ബി.ഇ.എം.എൽ. യൂണിറ്റ് എന്നിവയും യാഥാർത്ഥ്യമാവുകയാണ്. പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും സാധ്യമായിട്ടുണ്ട്. കോഴിക്കോട് സോപ്പ്സ്, ട്രിവാൻട്രം സ്പിന്നിംഗ് മിൽ എന്നിവ ഉടനെ വീണ്ടും പ്രവർത്തനം ആരംഭിക്കും.

ആഗോള സാമ്പത്തികമാന്ദ്യം ടൂറിസം വികസനത്തിന് മന്ദതയുണ്ടാക്കുമെന്ന ആശങ്ക നില നിൽക്കുകയാണ്. എന്നാൽ അതിനെ അതിജീവിക്കാൻ നിരവധി പദ്ധതികൾ ആവിഷ്ക്ക രിച്ച് വരികയാണ് ഗവൺമെന്റ്. ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരി ച്ചു. കോഴിക്കോട്ട് സരോവരം പദ്ധതി പോലെ നിരവധി പദ്ധതികൾ കഴിഞ്ഞ വർഷാന്ത്യ ത്തിൽ ജനങ്ങൾക്ക് സമർപ്പിക്കപ്പെട്ടു. അഷ്ടമുടി ലേയ്ക്ക് സർക്ക്യൂട്ട്, ആക്കുളം കൺവെൻഷൻ സെന്റർ, പാതിരാമണൽ ബയോപാർക്ക്, മുഴപ്പിലങ്ങാട് ബീച്ച് സൗന്ദര്യ വൽക്കരണം, മുഴപ്പിലങ്ങാട്ട് കെ.റ്റി.ഡി.സി ഹോട്ടൽ, ആലപ്പുഴ, കോട്ടയം, കൂത്തുപറമ്പ്, തലശ്ശേരി ടൗൺ സ്ക്വയറുകൾ, മലമ്പുഴ ഉദ്യാന നവീകരണം തുടങ്ങി നിരവധി ടൂറിസം വികസന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം 2009 ൽ നടക്കും. ദേശീയ പാത നാലുവരി ആക്കുന്നതിനുമുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഈ വർഷംതന്നെ നടക്കും. കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുക ലക്ഷ്യമാക്കി വൈവിധ്യമാർന്ന പദ്ധതികളാണ് സർക്കാർ നടപ്പാക്കിവരുന്നത്. നഷ്ടം ഗണ്യമായി കുറച്ചുകൊണ്ടുവരാനും ക്രമത്തിൽ കോർപ്പറേഷനെ ലാഭത്തിലാക്കാനും ഉള്ള പദ്ധതികളുടെ ഭാഗമായി ബസുകളുടെ ബോഡി നിർമ്മാണം കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ തന്നെയാക്കാൻ കഴിഞ്ഞു. ഈ വർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കാനാണ് പദ്ധതി.

ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ സാഹചര്യത്തിലും നികുതി പിരിവ് ഊർജ്ജിതപ്പെടു ത്തിക്കൊണ്ടും നികുതിച്ചോർച്ച തടഞ്ഞുകൊണ്ടും കടുത്ത സാമ്പത്തിക അച്ചടക്കം പാലി ച്ചുകൊണ്ടും ഖജനാവ് ഭദ്രമാക്കാൻ കഴിഞ്ഞു. അഴിമതി രഹിത വാളയാർ പദ്ധതി പരക്കെ പ്രകീർത്തിക്കപ്പെട്ടു. വാളയാർ മോഡലിൽ മഞ്ചേശ്വരം, മുത്തങ്ങ, ആര്യങ്കാവ്, അമരവിള ചെക്ക്പോസ്റ്റുകൾ കൂടി നവീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം നടക്കും.

ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിഞ്ഞ വർഷം സാധ്യ മായി. തിരുവനന്തപുരത്ത് ലോകോത്തരമായ സ്പേസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് നേടിയെ ടുക്കാനും അതിന് ആവശ്യമായ സ്ഥലമുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കാനും കഴി ഞ്ഞു. തിരുവനന്തപുരത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, കാസർക്കോട്ട് കേന്ദ്ര സർവകലാശാല, തുടങ്ങിയവയുടെയും ആരംഭം ഈ വർഷം പ്രതീക്ഷിക്കാം. തൃശൂരിൽ മെഡിക്കൽ സർവകലാശാലയുടെ ആരംഭവും ഈ വർഷം ഉണ്ടാകും. കഴിഞ്ഞ വർഷം പൊതുമേഖലയിൽ രണ്ട് നേഴ്സിംഗ് കോളേജുകളും സഹകരണ അക്കാദമിയുടെയും ഐ.എച്ച്.ആർ.ഡി.യുടെയും കീഴിൽ നിരവധി സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും പൊതുമേഖലയിൽ പതിമൂന്ന് ഐ.ടി.ഐ.കളും ആരംഭിക്കു

വാൻ കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങളും നിർമ്മാണ പ്രവൃത്തികളും എല്ലാം ഈ വർഷം ഉണ്ടാകും.

ഇരുപത്തിരണ്ട് ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഇൻഷുറൻസ് പദ്ധതിയും ഈ വർഷം പ്രാവർത്തികമാകുകയാണ്.

അടിസ്ഥാനപരമായ ഒരു ബൃഹത്പദ്ധതി  ഈ വർഷം ആരംഭിക്കും. അതിനുള്ള പ്രാഥമിക നടപടികളെല്ലാം പൂർത്തിയായിക്കഴിഞ്ഞു. വീടില്ലാത്ത മുഴുവൻ ദരിദ്രകുടുംബങ്ങൾക്കും വീട്, വീട് വെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലമുൾപ്പെടെ വീട് വെക്കാൻ വീട് - ഈ വർഷം ആരംഭിച്ച് അടുത്ത രണ്ടര വർഷംകൊണ്ട് ആ പദ്ധതി പൂർത്തീകരിക്കുന്നതോടെ നമ്മുടെ സംസ്ഥാനത്ത് ഒരു തുണ്ട് ഭൂമിയെങ്കിലും ഇല്ലാത്ത, തലചായ്ക്കാൻ ഇടമില്ലാത്ത കുടുംബം ഉണ്ടാകില്ല. അയ്യായിരം കോടി രൂപയുടെ അതിബൃഹത്തായ പദ്ധതിയാണ് ഇതിനായി നടപ്പാക്കിയിരിക്കുന്നത്.

കാർഷികരംഗത്ത് കടുത്ത നൈരാശ്യവും കടക്കെണികാരണമുള്ള ആത്മഹത്യകളുമാണ് രണ്ടരക്കൊല്ലം മുമ്പിവിടെയുണ്ടായിരുന്നത്. കടങ്ങൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയും കടാശ്വാസനിയമംകൊണ്ടുവന്നും ആത്മഹത്യചെയ്ത കൃഷിക്കാരുടെ കടം എഴുതിത്തള്ളിയും അവരുടെ കുടുംബത്തിന് സഹായധനം നൽകിയും ആ അവസ്ഥയെ അതിജീവിക്കാൻ നമുക്ക് കഴിഞ്ഞു. ഇന്നും മറ്റ് സംസ്ഥാനങ്ങളിൽ കർഷക ആത്മഹത്യ തുടരുകയാണ്. ഇവിടെ ആ പ്രവണതയ്ക്ക് അറുതി വന്നു. മാത്രമല്ല കാർഷികമേഖലയിൽ നിന്ന് കൃഷിക്കാർ പിൻവാങ്ങുന്ന പ്രവണതയും ഇല്ലാതായി. നെല്ലിന് ഏഴ് രൂപയായിരുന്ന സംഭരണവില പതിനൊന്ന് രൂപയാക്കി വർധിപ്പിച്ചു. പലിശരഹിത വായ്പ നടപ്പാക്കി, സബ്സിഡികൾ കൂട്ടി. അത്തരം നടപടികൾവഴി കാർഷികരംഗത്തെ നൈരാശ്യം ഏറെക്കുറെ അകലുകയും കാർഷികോല്പാദനത്തിൽ ഗണ്യമായ വർധനയുണ്ടാവുകയും ചെയ്തു. ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറിയുടെയും പാലിന്റെയും മുട്ടയുടെയുമെല്ലാം കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നമുക്ക്.  നമുക്കാവശ്യമായതിന്റെ അഞ്ചിലൊന്നിൽ താഴെമാത്രം അരിയാണിവിടെ ഉല്പാദിപ്പിക്കുന്നത്. പ്രതിവർഷം പതിനായിരം ഹെക്ടർ സ്ഥലത്തെങ്കിലും അധികമായി നെൽകൃഷി ഇറക്കിക്കൊണ്ട് നെല്ലുല്പാദനം ഗണ്യമായി വർധിപ്പിക്കുക, പച്ചക്കറി, പാൽ, മുട്ട, എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേക്ക് മുന്നേറുക - ഈ ലക്ഷ്യത്തോടെ നമ്മൾ ആവിഷ്ക്കരിച്ച സമഗ്രമായ കർമ്മപദ്ധതിയും പ്രവൃത്തിപഥത്തിലെത്താൻ പോവുകയാണ്.